# വിജയ് മല്ല്യയെ പിടിച്ചു; ഉടനെ വിട്ടു
# എങ്കിലും നിരാശപ്പെടേണ്ട...

വിജയ് മല്ല്യയെപ്പറ്റി കേട്ടിട്ടില്ലാത്തവരില്ല. ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന വൻ വ്യവസായി. കിംഗ്ഫിഷർ ബിയറും മക്ഡൊവൽ വിസ്കിയും ബ്രാൻഡിയും മറ്റും ഉത്പാദിപ്പിച്ച് വൻതോതിൽ ലാഭം നേടിയിരുന്ന മദ്യവ്യവസായ ശ്രേഷ്ഠൻ. (വാസ്തവത്തിൽ ബിസിനസിന് തുടക്കമിട്ടത് അച്ഛൻ, വിട്ടൽ മല്ല്യ ആയിരുന്നു. അടിച്ചുപൊളിച്ചു ജീവിച്ചുവന്നിരുന്ന മകന്റെ കരങ്ങളിലേക്ക് അദ്ദേഹത്തിന്റെ മരണശേഷം വ്യവസായ സാമ്രാജ്യം വന്നെത്തുകയായിരുന്നു).

സമ്പാദിക്കുന്ന പണം ഉപയോഗിച്ച് ജീവിതം ആസ്വദിക്കുവാനും വിജയ് മല്ല്യ മറന്നില്ല. ഓരോ കൊല്ലവും അദ്ദേഹം കിംഗ്ഫിഷറിന്റെ ഒരു കലണ്ടർ ആഘോഷപൂർവം പ്രസിദ്ധീകരിക്കും. ഓരോ പേജിലും വിവിധ പോസുകളിൽ അല്പവസ്ത്രധാരികളായ മാദകസുന്ദരികൾ. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നെത്തുന്ന ഭാഗ്യാന്വേഷകർ. മിക്കവരും ടീനേജേഴ്സ് (Teenagers). ഫാഷൻ, സിനിമ, പരസ്യ മോഡലിംഗ് തുടങ്ങിയ പകിട്ടേറിയ ഗ്ലാമർ രംഗങ്ങളിൽ എത്തിപ്പെടാൻ വെമ്പുന്ന യുവതികൾ. ഇവരെ ലോകം മുഴുവനിലുമുള്ള തിരഞ്ഞെടുപ്പ് പ്രകിയയിലൂടെ കണ്ടെത്തി, കഠിനമായ മത്സരങ്ങളുടെ അവസാന റൗണ്ടിൽ എത്തുന്നവരെ മൗറീഷ്യസിലോ മാലിദ്വീപിലോ മറ്റേതെങ്കിലും ഗ്ലാമർ കേന്ദ്രങ്ങളിലോ എത്തിച്ച് അവിടെ പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന 12 പേരെ ലോകഅരങ്ങിലേക്ക് ലോഞ്ച് ചെയ്യുന്ന പ്രക്രിയയാണ് വിജയ് മല്ല്യയുടെ കിംഗ്ഫിഷർ കലണ്ടറിന് പ്രശസ്തിയും പ്രസിദ്ധിയും നേടിക്കൊടുത്തത്.

ഇതിനിടയ്ക്ക് അദ്ദേഹത്തിന് ഒരു മോഹം, ഒരു എം.പി. ആകണം. കർണാടകത്തിലെ നാല്പതിൽപരം എം.എൽ.എമാരെ കോടികൾവീതം കൊടുത്ത് വിലയ്ക്കുവാങ്ങി രാജ്യസഭയിലെ ബഹുമാന്യ അംഗവുമായിത്തീർന്നു, വിജയ് മല്ല്യ.

അതിനിടയ്ക്ക് മറ്റൊരു മോഹം. ഒരു വിമാനക്കമ്പനി തുടങ്ങണം. തന്റെ ഏത് ഇംഗിതവും നടത്തിയെടുക്കാൻ പറ്റിയ തന്ത്രങ്ങൾ കൈവശമുള്ള വിജയ്മല്ല്യയ്ക്ക് അതും സാധിച്ചു – കിംഗ്ഫിഷർ എയർലൈൻസ്. ഒന്നിലും ഒരു ലുബ്ധും കാണിച്ചില്ല, നമ്മുടെ മല്ല്യ. ഏറ്റവും ഉയർന്ന വിലയ്ക്ക് വിമാനം വാങ്ങുന്നു (കമ്മീഷൻ എത്ര തട്ടിയെടുത്തു എന്നറിയില്ല), ഏറ്റവും സുന്ദരികളും പരിശീലനം സിദ്ധിച്ചവരുമായ എയർഹോസ്റ്റസുമാരെ നിയമിക്കുന്നു. ഏറ്റവും നല്ല ഭക്ഷണം അവിടെ വിളമ്പുന്നു, ജീവനക്കാരുടെ ശമ്പളവും ഏറ്റവും മികച്ചത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ബാങ്കുകളുടെ ഒരു നിരതന്നെ തയ്യാറായി കിംഗ്ഫിഷർ എയർലൈൻസിന് പണം കടം കൊടുക്കാൻ. 7000 കോടി രൂപയാണ് നമ്മുടെ ബാങ്കുകൾ വിജയ് മല്ല്യയ്ക്ക് സമ്മാനിച്ചത്. വിമാനക്കമ്പനി നടത്തുന്നതിൽ പ്രത്യേക പരിചയമോ വൈദഗ്ധ്യമോ അവകാശപ്പെടാൻ ഇല്ലാതിരുന്ന വിജയ് മല്ല്യ വിമാനക്കമ്പനി നടത്തി പണം നഷ്ടപ്പെടുത്തി. കടുത്ത മത്സരത്തിൽ പിടിച്ചുനിൽക്കാനായില്ല. ജീവനക്കാരുടെ ശമ്പളം, എയർപോർട്ടുകൾക്കു നൽകാനുള്ള ഫീസുകൾ, ഏവിയേഷൻ സ്പിരിറ്റ് സപ്ലേചെയ്ത എണ്ണക്കമ്പനികൾക്ക് കൊടുക്കാനുള്ള തുക ഇവയെല്ലാം കുടിശികയായി. വരുമാനം പ്രതീക്ഷിച്ചത്ര കിട്ടിയതുമില്ല. കമ്പനിയിൽനിന്നും എത്ര പണം വിജയ്മല്ല്യ ചുരത്തിയെടുത്തു എന്നും അറിഞ്ഞുകൂടാ. ജനങ്ങളുടെ പണം കൈകാര്യം ചെയ്യുന്ന ബാങ്കുകളുടെ 7000 കോടി രൂപ നഷ്ടപ്പെട്ടു. നിയമനടപടികൾ എടുക്കാൻ ബാങ്ക് മേധാവികളുടെ ഭാഗത്ത് താമസമുണ്ടായി. ഈ തക്കംനോക്കി വിജയ് മല്ല്യ ലണ്ടനിലേക്ക് രായ്ക്കുരാമയനം കടന്നു.

കഴിഞ്ഞ രണ്ടു കൊല്ലമായി അദ്ദേഹത്തെ നാട്ടിൽ തിരിച്ചെത്തിക്കണമെന്നും നിയമനടപടികൾക്ക് വിധേയനാക്കണമെന്നും നാം പറഞ്ഞുകൊണ്ടിരുന്നു.

ഇപ്പോഴിതാ അദ്ദേഹം ലണ്ടനിൽ അറസ്റ്റു ചെയ്യപ്പെടുന്നു. പക്ഷേ, ഉച്ചയോടെ അറസ്റ്റിലായ ആൾ ഉടനെ കോടതിയിൽ ഹാജരാക്കപ്പെടുകയും വൈകുന്നേരത്തോടുകൂടി ജാമ്യം നേടി പുറത്തുവരികയും ചെയ്തിരിക്കുന്നു. ഈ ഘട്ടത്തിൽ നമ്മുടെ നാട്ടിൽ പൊരിഞ്ഞ വാദപ്രതിവാദം. വിജയ് മല്ല്യയെ അറസ്റ്റുചെയ്തത് ഇന്ത്യാ സർക്കാരിന്റെയും പ്രധാനമന്ത്രിയുടെയും വൻ നേട്ടം എന്ന് ഒരുകൂട്ടർ. സർക്കാരിന്റെ നിശ്ചയദാർഢ്യം പ്രകടമായിക്കഴിഞ്ഞു എന്നവർ. മറുവശത്ത് "മല്ല്യയെ പിടിച്ചു, പക്ഷേ വിട്ടു. എല്ലാം ഒരു പ്രഹസനം" എന്നു വാദിക്കുന്ന പ്രതിപക്ഷങ്ങൾ. എന്താണ് യഥാർത്ഥ വസ്തുത?

കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് അഭയംപ്രാപിക്കുന്ന പ്രതികളെ തിരിച്ച് നാട്ടിലെത്തിച്ച് നിയമനടപടികൾക്ക് വിധേയരാക്കുന്ന കാര്യത്തിൽ ബ്രിട്ടണും ഇന്ത്യയും തമ്മിൽ പരസ്പരം സഹകരിക്കാൻ വേണ്ട ഉടമ്പടികൾ നിലവിലുണ്ട്. അതനുസരിച്ച് നിയമപരമായ നടപടിക്രമങ്ങൾ കൃത്യമായി പൂർത്തിയാക്കിക്കഴിഞ്ഞാൽ ഇരുസർക്കാരുകളും പരസ്പരം സഹകരിക്കാൻ ബാധ്യസ്ഥരാണ്. കുറ്റം ആരോപിക്കപ്പെടുന്ന വ്യക്തിയുടെമേൽ കുറ്റം സ്ഥാപിക്കാൻ ആവശ്യമായ തെളിവുകൾ – രേഖകളും സാക്ഷിമൊഴികളും ഉൾപ്പെടെ – ഉണ്ടായിരിക്കണം. കുറ്റം ചെയ്ത ആളെ നിയമവിരുദ്ധമായ പീഡിപ്പിക്കുകയോ അദ്ദേഹത്തിന്റെ മനുഷ്യാവകാശങ്ങൾ നിരസിക്കപ്പെടുകയോ ചെയ്യാനുള്ള സാധ്യത ഇല്ല എന്ന് നാം അവരെ ബോധ്യപ്പെടുത്തണം. വധശിക്ഷ ഏതായാലും നൽകുകയില്ല എന്ന ഉറപ്പും ഇത്തരം കേസുകളിൽ നാം നൽകേണ്ടിവരും.

വിജയ് മല്ല്യയുടെ കാര്യത്തിൽ ഭാഗ്യവശാൽ അദ്ദേഹത്തിന്റെ കുറ്റം തെളിയിക്കത്തക്ക രേഖകൾ സർക്കാരിന്റെ കൈവശമുണ്ട്. ആ രേഖകൾ വേണ്ടവിധത്തിൽ ബ്രിട്ടീഷ് സർക്കാരിന്റെ മുന്നിൽ ഹാജരാക്കണം. എന്തെങ്കിലും ചെറിയ

വിഷയങ്ങളിൽ തെളിവ് പൂർണമാക്കാനായി സാക്ഷികൾ ആവശ്യമുണ്ടെങ്കിൽ അവരെയും നാം ബ്രിട്ടീഷ് കോടതി മുമ്പാകെ ഹാജരാക്കണം. സമർത്ഥരായ വക്കീലന്മാരെ വച്ച് നമ്മുടെ കേസ് ന്യായമാണെന്ന് ബ്രിട്ടീഷ് കോടതിക്ക് ബോധ്യപ്പെടുന്നവിധത്തിൽ വാദമുഖങ്ങൾ വിദഗ്ധമായി ഉയർത്തേണ്ടിയിരിക്കുന്നു. അപരിമിതമായ സാമ്പത്തികശേഷിയുള്ള വിജയ് മല്ല്യ മുൻനിരക്കാരായ വക്കീലന്മാരെതന്നെ തനിക്കുവേണ്ടി വാദിക്കാൻ അണിനിരത്തുമെന്നതിൽ സംശയമില്ല. ഏതായാലും മനസ്സുവച്ചാൽ, തൃപ്തികരമായി നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ കൃത്യമായി ചെയ്താൽ, അനുകൂല വിധി കിട്ടാൻ സാധ്യതയുണ്ട് എന്നർത്ഥം.

വിജയ് മല്ല്യ ഉയർത്താൻ ഇടയുള്ള മറ്റൊരു വാദം, തന്റെ വ്യക്തി സ്വാതന്ത്ര്യം ഇന്ത്യയിൽ നിഷേധിക്കപ്പെടുമെന്നും താൻ പീഡിപ്പിക്കപ്പെടുമെന്നും തനിക്കെതിരായ പ്രചണ്ഡമായ പ്രചരണങ്ങൾ ഇന്ത്യൻ മാധ്യമങ്ങളിൽ തുടർച്ചയായിട്ട് നടത്തുന്നുണ്ടെന്നും ഇതിന്റെയെല്ലാം ഫലമായി കേസ് കേൾക്കുന്ന ഇന്ത്യൻ ജഡ്ജി തനിക്കെതിരായി വിധി പ്രസ്താവിക്കാനുള്ള സമ്മർദ്ദത്തിൽ ഉൾപ്പെടുമെന്നും, അങ്ങനെ തനിക്ക് നീതി നിഷേധിക്കപ്പെടുമെന്നും ആയിരിക്കും. ഇന്ത്യയുടെ ജനാധിപത്യ സംസ്കാരം, നമ്മുടെ ജുഡീഷ്യറിയുടെ സ്വതന്ത്ര നിലപാടുകൾ മുതലായവയുടെ പശ്ചാത്തലത്തിൽ നമ്മുടെ ജഡ്ജിമാർ സ്വതന്ത്രരും ശക്തരുമാണെന്നും യാതൊരു കാരണവശാലും അവർ മാധ്യമ സമ്മർദ്ദത്തിന് വിധേയരാകാതെ പ്രവർത്തിക്കാൻ കഴിവുള്ളവരാണെന്നും നാം വാദിച്ച് ബോധ്യപ്പെടുത്തണം.

മല്ല്യ ഉയർത്താൻ ഇടയുള്ള മറ്റൊരു വാദം, താനൊരു ബിസിനസ്സുകാരൻ. നല്ല ഉദ്ദേശ്യത്തോടെ ഒരു സംരംഭം, ഒരു വിമാനക്കമ്പനി തുടങ്ങി. നിർഭാഗ്യവശാൽ വിപണിസാഹചര്യങ്ങൾ പ്രതികൂലമായി ഭവിച്ചു. പുതുതായി രംഗത്തിറങ്ങിയ തന്റെ കമ്പനിക്ക് നേരത്തെതന്നെ ഉണ്ടായിരുന്ന കളിക്കാരോട് മത്സരിച്ച് പിടിച്ചുനിൽക്കാൻ കഴിയാതെ പോയി. അങ്ങനെ നഷ്ടം സംഭവിക്കുകയും ബാങ്കുകൾക്ക് കൊടുക്കാനുള്ള തുക കൊടുത്തു വീട്ടാൻ കഴിയാതെപോകുകയും ചെയ്തു. ഇതിൽ ദുരുദ്ദേശ്യമൊന്നുമില്ല, ചതിയും വഞ്ചനയുമില്ല. നിർഭാഗ്യവാനായ ഒരു ബിസിനസ്സുകാരനെ പീഡനവിധേയനാക്കാൻ നീതി പുലരണം എന്നാഗ്രഹിക്കുന്ന ഒരു ബ്രട്ടീഷ് കോടതി ഒരിക്കലും വിട്ടുകൊടുക്കാൻ പാടില്ല, എന്നിങ്ങനെ. ഇവിടെയും വിപണിയുടെ സാഹചര്യംകൊണ്ട് ഒരു സംരംഭകന്റെ ബിസിനസ് നഷ്ടത്തിലായിത്തീർന്ന ലളിതമായ ഒരുകേസ് അല്ലാ ഇത് എന്നു നാം തെളിയിക്കണം. അനാവശ്യമായി നടത്തിയ ദുർചെലവുകൾ, ഐ.ഡി.ബി.ഐ. ബാങ്കിനെ പറ്റിച്ച് 2000 കോടി രൂപ നേടിയെടുത്ത ചതി ഇവയെല്ലാം ഉയർത്തിക്കാട്ടി വിജയ് മല്ല്യയുടെ വാദഗതികളെ ഖണ്ഡിക്കാൻ നമുക്ക് കഴിയണം.

ചുരുക്കത്തിൽ വിജയ് മല്ല്യയെ ബ്രിട്ടൺ അറസ്റ്റുചെയ്തത് ഒരു നേട്ടം തന്നെയാണ്. നാം ഹാജരാക്കിയ രേഖകൾ ബ്രിട്ടീഷ് സർക്കാരിന് ബോധ്യപ്പെടുന്നവയായിരുന്നു എന്നർത്ഥം. മല്ല്യ ഏതാനും മണിക്കൂറുകൾക്കം ജാമ്യം നേടി പുറത്തുവന്നു എന്നത് സത്യം. പക്ഷേ, അതുമാത്രം പറഞ്ഞ് സർക്കാരിനെ പഴിക്കുന്നതിൽ കാര്യമില്ല. നമുക്കൊരു നല്ല കേസ്സുണ്ട്, മുകളിൽ വിവരിച്ചതുപോലെ സമർത്ഥരായ വക്കീലന്മാരെവെച്ച് നമ്മുടെ വാദഗതികൾ വേണ്ടവിധത്തിൽ ഉയർത്തിയാൽ വിജയ് മല്ല്യയെ നിയമനടപടികൾക്കായി ഇന്ത്യയ്ക്ക് വിട്ടുകിട്ടാനുള്ള സാധ്യതകൾ ഉണ്ട്.